(ഡി) എന്തു തുക വകമാറ്റി ചെലവഴിച്ചു ; എന്തു തുക ലാപ്സായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതകളുടെ വികസനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ വനിതാ ഘടക പദ്ധതി എന്ന ഒരു പ്രത്യേക വിഭാഗം ആവിഷ്കരിച്ചിട്ടുണ്ട്. വനിതാ ഘടക പദ്ധതിയ്ക്ക് ആകെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം മാറ്റി വയ്ക്കുകയും, പ്രോജക്ടുകൾ പ്രത്യേകം തയ്യാറാക്കി നിർവഹണം നടത്തുകയും ചെയ്യുന്നു. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനു വാർഷിക പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതിക്കും, പട്ടിക വർഗ്ഗ ഉപപദ്ധതിക്കും മാറ്റിവയ്ക്കുന്ന തുകയുടെ മൂന്നിൽ രണ്ടു ഭാഗം പ്രാദേശിക തലത്തിൽ തയ്യാറാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു നല്കുന്നു. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനു ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിനും പ്രത്യേകം കർമ്മ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

(ബി) വനിതകൾ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ എന്നിവരുടെ പ്രധാന പ്രശ്നങ്ങളായ പാർപ്പിടം, കുടിവെള്ളം, തൊഴിലില്ലായ്മ എന്നിവയ്ക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

(കോടി രൂപ)

(സി) ഓരോ വർഷവും നീക്കിവച്ച തുക

വർഷം	പ്രത്യേക ഘടക പദ്ധതി	പട്ടികവർഗ്ഗ ഉപപദ്ധതി	വനിതവികസനം
1997-98	194	39	31.91
1998-99	195	39	40.47
1999-2000	200	40	-
2000-2001	217	43	

1999-2000, 2000-2001 വാർഷിക പദ്ധതികളിൽ വനിതാ വികനസത്തിന് നീക്കിവച്ച തുകയുടെ വിവരം ലഭ്യമായിട്ടില്ല. ജനകീയാസൂത്രണ പദ്ധതി പ്രകാരം പ്രത്യേക ഘടക പദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി, വനിതാഘടകപദ്ധതി എന്നിവയ്ക്കും നീക്കിവച്ച തുക ചെലവായിട്ടുണ്ട്.

(ഡി) ഈ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുകയോ ലാപ്സാകുകയോ ചെയ്തിട്ടില്ല. ഏതെങ്കിലും കാരണത്താൽ ഒരു വർഷം ഒരു പ്രത്യേക തുക ചെലവഴിക്കാൻ കഴിയാതെ വന്നാൽ കുറവായ തുക കൂടി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

മോചിപ്പിക്കപ്പെട്ട ജയിൽപുള്ളികൾ

17 (17) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ജയിൽപുള്ളികളെ മോചിപ്പിച്ചിട്ടുണ്ട് ;

(ബി) ഇവരിൽ എത്രപേർ വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ട് ;

(സി) ഇപ്രകാരം വീണ്ടും കുറ്റകൃത്യം ചെയ്തവരിൽ കൊലപാതകം, കൊലപാതക ശ്രമം എന്നീ കുറ്റകൃത്യങ്ങൾ ചെയ്ത എത്ര പേരുണ്ട് എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 982 പേരെ മോചിപ്പിച്ചിട്ടുണ്ട്.

(ബി) ഇവരിൽ ഒരാൾ വീണ്ടും കുറ്റകൃത്യം ചെയ്തിട്ടുണ്ട്.

(സി) കൊലപാതകം ഒന്ന്, കൊലപാതക ശ്രമം ഇല്ല.

കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ

18 (18) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ചെയർമാനായ കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ എന്ന സഹകരണ സാങ്കേതിക വിദ്യാഭ്യാസ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിൽ നടപ്പാക്കി വരുന്ന സാങ്കേതിക വിദ്യാഭ്യാസ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഇതിന്റെ കീഴിൽ ഇതുവരെ ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ നല്കുമോ ;

(സി) ഈ വർഷം ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥാപനങ്ങളെപ്പറ്റി വിശദീകരിക്കുമോ ;

(ഡി) ഈ സ്ഥാപനങ്ങൾക്കെല്ലാം എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിക്കുന്നകാര്യം എപ്രകാരമാണ് ഉറപ്പാക്കിയിട്ടുള്ളത് ;

(ഇ) സഹകരണമേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ 2001 വർഷത്തിനുള്ളിൽ എത്ര സീറ്റുകൾ കേരളത്തിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) ഈ സ്ഥാപനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി മുഖ്യമന്ത്രി ഡൽഹിയിലെ അധികാരികളുമായി എന്തെങ്കിലും ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) കായംകുളത്ത് ഈ അക്കാഡമിയുടെ കീഴിൽ അപേക്ഷിച്ചിട്ടുള്ള എഞ്ചിനിയറിംഗ് കോളേജിന്റെ സാധ്യതകളെപ്പറ്റി വെളിപ്പെടുത്തുമോ ;

(എച്ച്) കായംകുളത്ത് സഹകരണ എഞ്ചിനീയറിംഗ് കോളേജിനായി സഹകരണ സ്പിന്നിംഗ് മില്ലിന്റെ വക 12 ഏക്കർ സ്ഥലം നൽകികൊണ്ടുള്ള മിൽ ഭരണ സമിതിയുടെ തീരുമാനപ്രകാരം സ്ഥലം അക്കാഡമിക്ക് നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly